വളരെ അടിയന്തിരം

നം:ICDS.B6-3278 /17

സാമൂഹ്യ നീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി: 27.03.2017

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ICDS - അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം- റിപ്പോർട്ട് ആവശ്യപ്പെടുന്നത്- സംബന്ധിച്ച്.

സൂചന :- അങ്കണവാടി ക്ഷേമനിധി ബോർഡ് ചെയർപേഴ്സന്റെ 20.3.2017 ലെ കത്ത്

അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം ബാങ്ക് അക്കൗണ്ട് വഴി നൽകാൻ ആരംഭിച്ചതു മുതൽ എല്ലാ മാസവും 20- ാം തീയതിക്കുശേഷമാണ് തുക അക്കൗണ്ടിൽ ലഭിക്കുന്നത് എന്നും ഇതിൽ മാറ്റം വരുത്തി, മാസത്തിന്റെ ആദ്യ ആഴ്ചയിൽ തന്നെ ഹോണറേറിയം അനുവദിക്കണമെന്ന് സൂചന പ്രകാരം അപേക്ഷിച്ചിരിക്കുന്നു. അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം ഈ വിധത്തിൽ വൈകി നൽകുന്നത് ഗുരുതരമായ വീഴ്ചയായി പരിഗണിക്കുന്നു. ഈ സാഹചര്യത്തിൽ എല്ലാ പ്രോഗ്രാം ഓഫീസർമാരും എംഐഎസ് പരിശോധിച്ച് 2/17, 3/17 എന്നീ മാസങ്ങളിൽ ഓരോ പ്രോജക്ടിലും ഹോണറേറിയം ബില്ലുകൾ 6- ാം പ്രവർത്തി ദിവസത്തിനുള്ളിൽ മാറിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇപ്രകാരം 6- ാം പ്രവർത്തി ദിവസത്തിനുള്ളിൽ ഹോണറേറിയം നൽകാത്ത പ്രോജക്ടിന്റെ പേരും, ഹോണറേറിയം മാറിയ തീയതിയും സഹിതം 30.3.2017 നുള്ളിൽ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

Aleyamma Varghese

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

TSS/March 27, 2017